## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*240. 07.12.2018 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കിടയിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.ജെ.മാക്സി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ ഇടയിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗം പൂർണ്ണമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | വിദ്യാർഥികളുടെ ഇടയിൽ മദ്യത്തിന്റേയും മയക്ക മരുന്നിന്റേയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗം പൂർണമായി തടയുന്നത് ലക്ഷ്യമിട്ട് വിദ്യാലയങ്ങളുടെ സമീപ പ്രദേശങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ 100 വാര ചുറ്റളവിൽ എല്ലാവിധ പുകയില ഉത്പന്നങ്ങളുടെയും മറ്റ് ലഹരി വസ്തുക്കളുടേയും വില്പന നിരോധിച്ചിട്ടുള്ളതും വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ഷാഡോ എക്സൈസ് അംഗങ്ങൾ കർശന നിരീക്ഷണം നടത്തുകയും ചെയ്തുവരുന്നു. |
| (ബി) | മദ്യ-മയക്കമരുന്ന് മാഫിയ പുതുതലമുറയെ ലക്ഷ്യം വയ്ക്കുന്ന സാഹചര്യത്തിൽ വിദ്യാലയ പരിസരങ്ങളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന പൂർണമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരിയ്ക്കായി ഉപയോഗിക്കാനാകുന്ന പദാർഥങ്ങൾ ഒന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്താനായി നിലവിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരപരിശോധനകൾ നടത്തി വരുന്നു. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചു കൊണ്ട് അവരുടെ ഇടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെ കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരി മാഫിയയെ |

| | | | |
|---|---|---|---|
| | | | ക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് |
| (സി) | മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി വിമുക്തി മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (സി) | സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിയ്ക്ക് എതിരായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്വിസ്സ്, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. 'ലഹരിക്കെതിരെ കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കുട്ടികൾക്കും, യുവാക്കൾക്കുമായി കബഡി, വോളിബോൾ, ഫുട്ബാൾ തുടങ്ങിയ കായിക മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. |
| (ഡി) | ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരികയും മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബുകൾക്ക് സ്കൂൾ കോളേജ് തലങ്ങളിൽ 10,000/- രൂപ വീതവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകന് 5000/- രൂപ വീതവും ക്യാഷ് അവാർഡ് നല്കി വരുന്നു. കേരളത്തിലെ എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാലയങ്ങളുടെ ചുമതല വിഭജിച്ച് നൽകി. സ്കൂൾ അധികൃതരുമായി നിരന്തരം ബന്ധപ്പെട്ട് ലഹരി |

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ ഉപയോഗം, വിതരണം തുടങ്ങി അനാശാസ്യകരമായ പ്രവണതകൾ കുട്ടികൾക്കിടയിൽ നിലനില്ക്കുന്നുണ്ടോ എന്ന് പരിശോധിച്ച് അവശ്യം വേണ്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ